പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5975

04/07/2019 മറുപടിയ്ക്ക്

## എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ്** | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ പക്കലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലായെങ്കിൽ ആയത് ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പക്കൽ ഉണ്ട്. എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് അവശ്യം ഉണ്ടായിരിക്കേണ്ട ഏതെങ്കിലും വിവരം നിലവിൽ ലഭ്യമല്ല എന്നുണ്ടെങ്കിൽ ആയത് ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.ഹയർ സെക്കന്ററി അധ്യാപകരുടെ വിവരങ്ങൾ 'hscap' വഴി എല്ലാ വർഷവും update ചെയ്യാറുണ്ട്. തൊഴിലധിഷ്ഠിത ഹയർസെക്കന്ററി സ്കൂളുകളുടെ വിവരം ശേഖരിച്ചിട്ടുണ്ട് |
| (ബി) എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ പോലും വിദ്യാഭ്യാസ വകുപ്പിന്റെ പക്കലില്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുമോ; ഓരോ ആവശ്യത്തിനും പ്രസ്തുത സ്കൂളുകൾ വിവരങ്ങൾ നൽകുകയും ആയത് സൂക്ഷിക്കാതെ തുടർന്നും നൽകിയ വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പ് ചോദിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് കമ്പ്യൂട്ടർ സംവിധാനം വിദ്യാഭ്യാസ വകുപ്പിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ പക്കൽ ലഭ്യമാണ്. വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുകയും ആയതിന് കമ്പ്യൂട്ടർ സംവിധാനങ്ങളുടെ സഹായം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (സി) ഒരു സ്കൂൾ മാത്രമുള്ള മാനേജ്മെന്റിന്റെയും ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റിന്റെയും വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ഒരു സ്കൂൾ മാത്രമുള്ള മാനേജ്മെന്റിന്റെയും ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റിന്റെയും വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഹയർ സെക്കന്ററി വിഭാഗത്തിലെ മാനേജ്മെന്റിന്റെ കീഴിലുള്ള ഹയർ സെക്കന്ററി സ്കൂളുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ മേഖലാ ഉപ മേഖലാ മേധാവിയുടേയും പക്കൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ